## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2289 — 18.12.2012- ൽ മറുപടിക്ക്

**ജില്ലാ സഹകരണ ബാങ്ക് ഭരണസമിതി തെരഞ്ഞെടുപ്പ് വോട്ടവകാശം**

**ചോദ്യം**

ശ്രീ. കെ. സുരേഷ് കുറുപ്പ്:

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പ് മന്ത്രി)

എ) ജില്ലാ സഹകരണ ബാങ്കുകളിൽ കാർഷികേതര രംഗങ്ങളിൽ പ്രവർത്തിക്കുന്ന അംഗീകൃത സംരംഭങ്ങൾക്ക് വായ്പ നൽകേണ്ടുന്ന ആവശ്യത്തിലേക്ക് നൽകിയ അംഗത്വത്തിന് ഇപ്പോൾ ഭരണസമിതി തെരഞ്ഞെടുപ്പിൽ വോട്ടവകാശം നൽകിയിട്ടുണ്ടോ; ഇതിന് നിലവിലുള്ള ജനറൽ ബോഡിയുടെ അംഗീകാരമുണ്ടോ;

എ) കേരള സഹകരണ സംഘം നിയമം (ഭേദഗതി) 2012 (2012-ലെ 13-ാം ആക്ട്) പ്രകാരം 10.12.2007 വരെ ജില്ലാ സഹകരണ ബാങ്കുകളിൽ അംഗത്വം ഉണ്ടായിരുന്ന എല്ലാ സഹകരണ സംഘങ്ങൾക്കും നിലവിൽ വോട്ടവകാശത്തിന് അർഹതയുണ്ട്. ആയതു പ്രകാരം ജില്ലാ സഹകരണ ബാങ്കുകളിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിന് വേണ്ടി ഇലക്ഷൻ ഓഫീസറെ നിയമിച്ചു തരുന്നതിന് എല്ലാ ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷണർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിനുള്ള നടപടി ക്രമങ്ങൾ നടന്നു വരികയാണ്. ഇലക്ഷൻ ഓഫീസറുടെ തീരുമാനത്തിന് വിധേയമായി മാത്രമേ വോട്ടവകാശമുള്ള അംഗങ്ങൾ ഏതൊക്കെ എന്നത് നിജപ്പെടുത്താനാകൂ. കേരള സഹകരണ സംഘം നിയമം (ഭേദഗതി) 2012 (2012-ലെ 13-ാം ആക്ട്)ന് വിധേയമായി നിയമാവലി വ്യവസ്ഥകൾ ഭേദഗതി വരുത്തുവാൻ എല്ലാ ജില്ലാ സഹകരണ ബാങ്കുകളും നിയമാനുസൃതം പൊതുയോഗം വിളിച്ചു കൂട്ടുകയും നിയമാവലി വ്യവസ്ഥകൾ ഭേദഗതി വരുത്തുവാൻ പൊതു യോഗത്തിന്റെ അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്.

ബി) നടക്കാൻ പോകുന്ന ജില്ലാ ബാങ്ക് തെരഞ്ഞെടുപ്പിൽ വോട്ടവകാശമുള്ള ക്രെഡിറ്റ് സംഘങ്ങളേയും ഇതര സംഘങ്ങളേയും സംബന്ധിച്ച ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

ബി) 10.12.2007 വരെ ജില്ലാ സഹകരണ ബാങ്കുകളിൽ അംഗത്വം ഉണ്ടായിരുന്ന സംഘങ്ങൾക്ക് 2012-ലെ 13-ാം നിയമഭേദഗതി പ്രകാരം വോട്ടവകാശം ലഭിച്ചിട്ടുണ്ട്. ആയതു പ്രകാരം ജില്ലാ സഹകരണ ബാങ്കുകളിൽ തെരഞ്ഞെടുപ്പ്

നടത്തുന്നതിന് വേണ്ടി ഇലക്ടൽ ഓഫീസറെ നിയമിച്ച തരുന്നതിന് എല്ലാ ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷണർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിനുള്ള നടപടിക്രമങ്ങൾ നടന്നു വരികയാണ്. ഇലക്ടൽ ഓഫീസറുടെ തീരുമാനത്തിനു വിധേയമായി മാത്രമേ വോട്ടവകാശമുള്ള എത്ര അംഗങ്ങൾ ഉണ്ടാകും എന്നത് നിജപ്പെടുത്താനാകൂ.

സി) ഇത്തരത്തിൽ വോട്ടവകാശം ലഭിച്ചിട്ടുള്ള സംഘങ്ങൾ ഏത് തീയതിവരെ ജില്ലാ ബാങ്കുകളിൽ അംഗത്വം ലഭിച്ചവരാണ്; ഇവയിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിൻ കീഴിലുള്ളവ ഏവ; പ്രവർത്തനം നിലച്ചിട്ടുള്ളവ ഏവ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

സി) കേരള സഹകരണ സംഘം നിയമം (ഭേദഗതി) 2012 (2012-ലെ 13-ാം ആക്ട്) പ്രകാരം 10.12.2007 വരെ ജില്ലാ സഹകരണ ബാങ്കുകളിൽ അംഗത്വം ഉണ്ടായിരുന്ന എല്ലാ സഹകരണ സംഘങ്ങൾക്കും നിലവിൽ വോട്ടവകാശത്തിന് അർഹതയുണ്ട്. ഇലക്ടൽ ഓഫീസറുടെ തീരുമാനത്തിനു വിധേയമായി മാത്രമേ വോട്ടവകാശമുള്ള സംഘങ്ങൾ ഏതൊക്കെ എന്നത് നിജപ്പെടുത്താനാകൂ.

**സെക്ഷൻ ഓഫീസർ**